**മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ**
**ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും**

സർക്കുലർ നമ്പർ 284

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികളിൽ ദിശാബോധം വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണല്ലോ. ചെറുപ്രായത്തിൽത്തന്നെ ധാർമ്മികതയിലൂന്നിയ വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് നമ്മുടെ കടമയാണ്. ക്രിസ്തീയ മൂല്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടാവണം നമ്മുടെ കുട്ടികൾ അറിവിന്റെ അഭ്യസനം ആരംഭിക്കേണ്ടത്.

എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിക്കേണ്ടതാണ്. ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ ചെയ്യേണ്ടതാണ്. വിദ്യാരംഭ സ്തോത്ര ശുശ്രൂഷ ഓരോ രാജ്യത്തേയും സംസ്ഥാനത്തേയും വിദ്യാലയ വർഷം ആരംഭിക്കുന്നതനുസരിച്ച് ക്രമീകരിക്കാവുന്നതാണ്.

''യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു'' എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് തുടക്കമിടുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഉത്തമവും ഉദാത്തവുമായ മാർഗ്ഗങ്ങളിലൂടെ അവരെ നയിക്കുന്നതിനും സാമൂഹികനന്മ ലക്ഷ്യമാക്കി സഭാസ്നേഹത്തിൽ അവരെ വളർത്തുന്നതിനും ഈ ക്രമീകരണം സഹായകമാകുന്നതിനു കർത്താവ് സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2017 ഏപ്രിൽ 28-ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 284**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

**Beloved in Christ,**

The basic goal of education is to nurture a sense of direction in the children. It is our responsibility to impart to them a value-based education at the very young age itself. Our children should begin their journey of knowledge, rooted in Christian values.

It is hereby informed that thanksgiving services be arranged in all the parishes of our Church in connection with the commencement of our children's education on the 1st Sunday of June every year. This initiation ceremony of our children in each parish should be arranged under the leadership of the concerned vicars. The date of the commencement of children's education be fixed according to the beginning of the academic year in each country and state.

We exhort you all to begin our children's education on the basis of the scriptural truth, `the fear of the Lord is the beginning of wisdom' and to pray that their future life be blessed in every way.

May the Lord help us that this arrangement would enable us to guide them through lofty and noble paths and to nurture them in loyalty to the Church resulting in the well being of the society at large.

Grace be with you all.

Dated 28th April 2017 from Poolatheen, Tiruvalla

**Dr. Joseph Mar Thoma Metropolitan**